## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6076** **09-07-2024 - ൽ മറുപടിയ്ക്ക്**

## കുറ്റ്യാടി മണ്ഡലത്തിലെ നിലാവ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലെ നിലാവ് പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നുണ്ടോ; അറിയിക്കാമോ? | (എ) | കുറ്റ്യാടി മണ്ഡലത്തിൽ നിലാവ് പദ്ധതി പ്രകാരം 8 പഞ്ചായത്തുകളിലായി 1804 ബൾബുകളാണ് ഇതുവരെ സ്ഥാപിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പഞ്ചായത്തുകളുടെ ഭാഗത്തുനിന്നുള്ള ആവശ്യത്തിനനുസരിച്ച് ബൾബുകൾ രണ്ടു തവണകളിലായി വാങ്ങുകയും സ്ഥാപിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലെ കേരളമൊട്ടാകെയുള്ള ആവശ്യകതക്കനുസൃതമായി വിവിധ വാട്ടേജുകളിലുള്ള 50,000 ബൾബുകൾക്ക് Enregy Efficiency Services Limited (EESL) ന് LOI (Letter of Intent) നൽകുകയും അവർ കുറഞ്ഞ വില അറിയിക്കുകയും ചെയ്തു. എന്നാൽ EESL താഴെ പറയുന്ന നിലപാടുകൾ സ്വീകരിച്ചതിനാൽ EESL നോട് കെ എസ് ഇ ബി എൽ വിശദീകരണം ആവശ്യപ്പെട്ടു എങ്കിലും നാളിതുവരെ ലഭ്യമാക്കാത്തതിനാൽ Purchase Order നൽകാൻ സാധിച്ചിട്ടില്ല എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്.<br><br>1. നിലവിലെ സർക്കാർ ഉത്തരവിന്റെ നിബന്ധനകൾക്ക് വ്യത്യസ്തമായി പി എം സി ചാർജ് 2% -ൽ നിന്നും 14% ആക്കി ഉയർത്തിയത്<br>2. ടെൻഡർ ചെയ്തപ്പോൾ ബഹു. ഹൈക്കോടതി വിധിക്ക് അനുസൃതമായി MSME കളെ പരിഗണിച്ചു എന്നുള്ള ഉറപ്പ് നൽകാത്തത്<br>3. 7 വർഷത്തെ വാറണ്ടി 5 വർഷമായി ചുരുക്കിയത്.<br><br>മേൽ സൂചിപ്പിച്ച കാര്യങ്ങളുടെ വിശദീകരണം ലഭ്യമാകുന്ന മുറയ്ക്ക് Purchase Order നൽകുന്നതാണ് എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. കൂടാതെ കേടായ LED സ്ട്രീറ്റ് ലൈറ്റുകളുടെ കേടുപാടുകൾ തീർത്തു നൽകുന്നതിൽ EESL-ന്റെ ഭാഗത്തു നിന്നും |

| | | | |
|---|---|---|---|
| | | | കാലതാമസം നേരിടുന്നത് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ സാരമായി ബാധിക്കുന്നു എന്നും EESL മായി നിരന്തരമായി ബന്ധപ്പെടുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടെന്നും കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ